**നിർമ്മിതി കേന്ദ്രം നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ**

**220 (2252)** ശ്രീ. വി. ശശികുമാർ :

ശ്രീ. ബി. രാഘവൻ :

ശ്രീ. എ. സി. മൊയ്തീൻ :

ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മിതി കേന്ദ്രം നടപ്പാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ പുരോഗതി കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) പ്ലാൻ ഫണ്ടിൽനിന്നും നിർമ്മിതി കേന്ദ്രത്തിന് തുക അനുവദിച്ച് തുടങ്ങിയത് എന്നുമുതലാണ് ; ഏതെല്ലാം ഇനങ്ങളിൽ എത്ര തുക അനുവദിച്ചു എന്ന് വിശദമാക്കുമോ ;

(സി) സംസ്ഥാന-ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ആറളം ഭവനനിർമ്മാണ പദ്ധതിയനുസരിച്ച് എത്ര വീടുകൾ നിർമ്മിതി കേന്ദ്രം പൂർത്തിയാക്കിയിട്ടുണ്ട് ;

(ഇ) നിർമ്മിതി കേന്ദ്രം ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2005-06 കാലയളവിൽ 15 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വാർഷികാടിസ്ഥാനത്തിൽ ചെയ്തുകൊണ്ടിരുന്ന സംസ്ഥാന നിർമ്മിതി കേന്ദ്രം ഇന്ന് 55 കോടിയിൽ പരം രൂപയുടെ പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പാക്കി വരുന്നത്. നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി

LIBRARY ARCHIVES Kerala Legislative Assembly

വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ വിവിധ ഏജൻസികളും അതുപോലെതന്നെ മറ്റു അനുബന്ധ സ്ഥാപനങ്ങളും അവയുടെ പ്രവർത്തികൾ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിക്കുന്നുണ്ട്.

(ബി) 2007-08 മുതലാണ് പ്ലാൻ ഫണ്ടിൽനിന്നും നിർമ്മിതി കേന്ദ്രത്തിന് സർക്കാരിൽ തുക അനുവദിച്ചു തുടങ്ങിയത്. ഫണ്ടിന്റെ വിശദമായ വിവരം താഴെ കൊടുത്തിരിക്കുന്നു :

2007-2008

സംസ്ഥാന നിർമ്മിതി .. 200

LBNTRI .. 20

220

2008-2009

സംസ്ഥാന നിർമ്മിതി .. 215

LBNTRI .. 240

455

2009 -2010

സംസ്ഥാന നിർമ്മിതി .. 390

LBNTRI .. 145

535

LIBRARY ARCHIVES Kerala Legislative Assembly

2010-2011

സംസ്ഥാന നിർമ്മിതി - 500

LBNTRI - 150

650

2011-2012

സംസ്ഥാന നിർമ്മിതി - 574

LBNTRI - 205

779

ഇനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) 361 വീടുകളുടെ പണി പൂർത്തിയായി TRDM-ന് കൈമാറി

(ഇ) ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2016, 2027, 2054, 2074, 2085, 2097, 2104, 2106, 2107, 2109, 2117, 2121, 2130, 2132, 2139, 2141, 2143, 2145, 2150, 2153, 2159, 2163, 2165, 2168, 2169, 2170, 2172, 2173, 2226, 2230 എന്നിവയുടെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.)

ഓർഡർ..... ഓർഡർ

സ്പീക്കർ : (ചോദ്യോത്തര സമയം കഴിഞ്ഞു.)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly